**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2294** **08.05.2017-ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിലെ റോഡുറോളറുകൾ

| **ചോദ്യം**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| --- | --- |
| (എ) പൊതുമരാമത്ത് വകുപ്പിൽ എത്ര റോഡുറോളറുകൾ ഉണ്ട്; അവയിൽ പ്രവർത്തനക്ഷമമായവ എത്ര; | (എ) 190 റോഡ് റോളറുകൾ ഉണ്ട്. ഇവയിൽ 69 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. |
| (ബി) പൊതുമരാമത്ത് വകുപ്പിൽ റോഡ്റോളർ ക്ലീനർ/ഡ്രൈവർമാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; | (ബി) പൊതുമരാമത്ത് വകുപ്പിൽ തുടർച്ചാംഗീകാരം ലഭിച്ച 172 റോളർ ഡ്രൈവർ തസ്തികകളും 170 റോളർ ക്ലീനർ തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിൽ 53 റോളർ ഡ്രൈവർമാരും 74 റോളർ ക്ലീനർമാരും ജോലിനോക്കിവരുന്നുണ്ട്. വാനിഷിംഗ് കാറ്റഗറിയായതിനാൽ ഒഴിവുകൾ ഇല്ല. |
| (സി) റോഡുറോളറുകൾ പ്രവർത്തിക്കാത്തതു കാരണം ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന റോഡ്റോളർ ക്ലീനർ/ ഡ്രൈവർമാർ എത്ര;ഇവരെ പുനർവിന്യസിക്കുന്നതിനോ തസ്തികമാറ്റം വഴി മൈലേജ് ടെസ്റ്റിംഗ് സെന്റർ, റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ നിയമിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; | (സി) നിലവിലുള്ള 53 റോളർ ഡ്രൈവർമാരെയും 74 റോളർ ക്ലീനർമാരെയും പുനർവിന്യസിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) റോഡുറോളറുകൾ കരാറുകാർക്ക് വാടകക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണ് എന്ന് വിശദമാക്കുമോ; | (ഡി) കരാറുകാരുടെ കൈവശം റോളറുകൾ ഇല്ലാത്ത സാഹചര്യത്തിൽ റോളറുകൾ വാടകയ്ക്ക് നൽകാറുണ്ട്. ഇതിന്റെ വാടക എഗ്രിമെന്റ് കണ്ടീഷൻ പ്രകാരം ബില്ലിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ഇ) റോഡുറോളറുകൾ പഴയ മോഡലുകളിൽപെട്ടവയാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആധുനിക രീതിയിലുള്ള റോഡുറോളറുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ? | (ഇ) ഉണ്ട്. ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ